പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1466 — 12-07-2011 ൽ മറുപടിയ്ക്ക്

## പാർപ്പിടമില്ലാത്ത ദരിദ്രജനവിഭാഗങ്ങൾക്ക് പാർപ്പിടം നൽകുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ. ഇ.പി.ജയരാജൻ | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
|---|---|---|
| എ) | പാർപ്പിടമില്ലാത്ത ദരിദ്രജനവിഭാഗങ്ങൾക്ക് പാർപ്പിടം നൽകുന്നതിന് സംസ്ഥാന ഗവൺമെന്റ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | എ) പാർപ്പിടമില്ലാത്ത ദരിദ്രവിഭാഗങ്ങൾക്കായി കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേനയും സർക്കാരിന്റെ വിവിധ വകുപ്പുകൾ മുഖേനയും സുരക്ഷാ ഭവനപദ്ധതി, അത്താണി ഭവന പദ്ധതി, എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, ഇ.എം.എസ് ഭവനപദ്ധതി, സുനാമി ഭവന പദ്ധതി, പട്ടികജാതി. പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവനപദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ഭവനപദ്ധതി,ആശ്രയ ഭവന പദ്ധതി, വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം, കേന്ദ്രാവിഷ്കൃത പദ്ധതികളായ രാജീവ് ആവാസ് യോജ്ന, ഇന്ദിരാ ആവാസ് യോജ്ന, BSUP, IHSDP മുതലായ ഭവനപദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | പുതിയ ജനസംഖ്യകണക്കെടുപ്പുപ്രകാരം സംസ്ഥാനത്ത് പാർപ്പിടമില്ലാത്തവർ എത്രയാണെന്നും അതിൽ ഭൂരഹിതരായവർ എത്രയെന്നും വ്യക്തമാക്കുമോ ; | ബി) പുതിയ ജനസംഖ്യാകണക്കെടുപ്പുപ്രകാരം സംസ്ഥാനത്ത് പാർപ്പിടമില്ലാത്തവരുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. |
| സി) | എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം മുൻനിർത്തി ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി അടക്കമുള്ള ഭവനനിർമ്മാണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ എന്ത് നടപടി കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.